# CAREER Updates
# പത്രവൃത്താന്തം

**18.11.2023 (ശനി)**




- ➪ ഭരണപുരോഗതി വിലയിരുത്തുന്നതിനും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനുമായി മുഖ്യമന്ത്രി പിണറായി വിജയനും മറ്റ് മന്ത്രിമാരും 140 നിയോജക മണ്ഡലങ്ങളിലും പര്യടനം നടത്തി ജനങ്ങളുമായി സംവദിക്കുന്ന പരിപാടി
- ✔ നവകേരള സദസ്സ്
- 2023 നവംബർ 18 മുതൽ ഡിസംബർ 23 വരെയാണ് നവകേരള സദസ്സ് സംഘടിപ്പിക്കപ്പെടുന്നത്. സംസ്ഥാന മന്ത്രിസഭ ഒന്നാകെ ഒരു മാസത്തിലേറെക്കാലം തലസ്ഥാനം വിട്ടുനിൽക്കുന്നത് ഇതാദ്യമായാണ്.
- കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിൽ ആരംഭിക്കുന്ന നവകേരള സദസ്സ് സമാപിക്കുന്നത് തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് മണ്ഡലത്തിലാണ്. നവകേരള സദസ്സിന്റെ ഭാഗമായി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഒരേ ബസ്സിലാണ് കേരളം മുഴുവൻ സഞ്ചരിക്കുക.
- ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന നവകേരള സദസ്സ് പര്യടനത്തിനിടെ അഞ്ച് മന്ത്രിസഭാ യോഗങ്ങൾ അഞ്ച് ജില്ലകളിലായി നടക്കും. കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് തുടർച്ചയായി അഞ്ച് മന്ത്രിസഭാ യോഗങ്ങൾ തലസ്ഥാനത്തിന് പുറത്ത് നടക്കുന്നത്.

- ➪ 2023 നവംബറിൽ ബംഗ്ലാദേശ് തീരത്ത് വീശിയടിച്ച ചുഴലിക്കാറ്റ്
- ✔ മൈഥിലി
- ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ചുഴലിക്കാറ്റിന് 'മൈഥിലി' എന്ന പേര് നൽകിയ രാജ്യമാണ് മാലിദ്വീപ്.
- ➪ 2023 നവംബറിൽ ഉത്തരാഖണ്ഡിൽ തുരങ്കം തകർന്നതിനെ തുടർന്ന് കുടുങ്ങിയ 40 തൊഴിലാളികളെ പുറത്തെത്തിക്കുന്നതിനായി നടത്തിയ രക്ഷാദൗത്യത്തിന് നൽകപ്പെട്ട പേര്
- ✔ ഓപ്പറേഷൻ സുരംഗ്
- ➪ 2023 നവംബറിൽ അന്തരിച്ച പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരി
- ✔ എ.എസ്. ബ്യാട്ട്
- 1990-ൽ ബുക്കർ പുരസ്കാരം നേടിയ സാഹിത്യകാരിയാണ് എ.എസ്. ബ്യാട്ട്. വിക്ടോറിയൻ കവികളുടെ ജീവിതത്തെ ആസ്പദമാക്കി രചിയ്ക്കപ്പെട്ട 'പൊസഷൻ' എന്ന നോവലാണ് ഇവരെ ബുക്കർ പുരസ്കാരത്തിന് അർഹയാക്കിയത്. 1964-ൽ പുറത്തിറങ്ങിയ 'ദ ഷാഡോ ഓഫ് ദ സൺ' ആണ് എ.എസ്. ബ്യാട്ടിന്റെ ആദ്യ നോവൽ.
- ➪ 2023 നവംബറിൽ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ ഡയറക്ടറായി നിയമിതനായത്
- ✔ അലോക് ശർമ
- ഇന്ത്യൻ പ്രധാനമന്ത്രിയുടെ സുരക്ഷാ ചുമതലയുള്ള ഏജൻസിയാണ് സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്.പി.ജി.).

- ➪ ലോകപ്രശസ്ത ട്രാവൽ പ്രസിദ്ധീകരണമായ കൊണ്ടെ നാസ്റ്റ് ട്രാവലർ പ്രസിദ്ധീകരിച്ച പട്ടികയിൽ 2024-ൽ ഏഷ്യയിൽ സന്ദർശിക്കേണ്ട സ്ഥലങ്ങളിൽ ഒന്നാം സ്ഥാനത്തുള്ളത്
- ✔ കൊച്ചി
- ➪ ചാറ്റ് ജി.പി.ടി. അടിസ്ഥാനമാക്കി മൈക്രോസോഫ്റ്റ് അവതരിപ്പിച്ച ബിങ് ചാറ്റിന് നൽകപ്പെട്ട പുതിയ പേര്
- ✔ കോ പൈലറ്റ്
- ➪ ഇന്ത്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളുടെ സംയുക്ത സൈനികാഭ്യാസമായ മിത്രശക്തി-2023-ന് വേദിയായ ഇന്ത്യൻ നഗരം
- ✔ പൂനെ
- ➪ 2023 നവംബറിൽ പ്രകാശനം ചെയ്യപ്പെട്ട, ഗോത്ര മഹാസഭയുടെ നിലവിലെ അധ്യക്ഷയും പ്രമുഖ വനവാസി നേതാവുമായ സി.കെ. ജാനുവിന്റെ ആത്മകഥ
- ✔ അടിമമക്ക
- ➪ 2023 നവംബറിൽ കേരളത്തിലാദ്യമായി ഒരു മൃഗത്തിന് ഗ്യാസ് അനസ്തേഷ്യ നൽകി മയക്കിയുള്ള ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ ആശുപത്രി
- ✔ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ (കുടപ്പനക്കുന്ന്, തിരുവനന്തപുരം)
- ➪ 2023 നവംബറിൽ ടാറ്റാ കൺസൾട്ടൻസി സർവീസസിന്റെ ആഭ്യന്തര വിഭാഗമായ ലീഡിന്റെ മേധാവിയായി നിയമിതയായ മലയാളി വനിത
- ✔ എലിസബത്ത് മാത്യു

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999